LIBRARY ARCHIVES Kerala Legislative Assembly

'ഫോർമാൻ' ആണ് റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ്-1 തസ്തികയുടെ പ്രൊമോഷൻ തസ്തിക. 19-10-2009-ലെ സ.ഉ (കൈ) 362/2009/ആ.കു.വ, 19-4-2017-ലെ സ.ഉ (കൈ) 53/2017/ആ.കു.വ., എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത്. റീഹാബിലിറ്റേഷൻ ടെക്നോളജിയിൽ(പ്രോസ്തെറ്റിക്/ഓർത്തോട്ടിക്ക്/ലെതർ) ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമ വിദ്യാഭ്യാസ യോഗ്യതയും റീഹാബിലിറ്റേഷൻ കൗൺസിലിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണ മെന്നതുമാണ്, റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ (പ്രോസ്തെറ്റിക്/ഓർത്തോട്ടിക്ക്/ലെതർ) ഗ്രേഡ്-1 ഫീഡർ കൃാറ്റഗറിയിലുള്ളവർക്ക് തസ്തികയിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിനുള്ള യോഗ്യത. ഈ തസ്തികയിൽ സ്പെഷ്യൽ റൂൾ നിലവിലില്ല.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലും റീഹാബിലിറ്റേഷൻ ടെക്നീഷ്യന്റെ പ്രൊമോഷൻ മാനദണ്ഡങ്ങൾ വ്യത്യസ്ത മായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 100 ശതമാനം പ്രൊമോഷൻ നൽകിയിരുന്നത് ആരോഗ്യ വകുപ്പിൽ മാത്രം 50 ശതമാനമാക്കി വെട്ടിച്ചുരുക്കാനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ തസ്തികകളിലെ റീഹാബിലിറ്റേഷൻ ഉദ്യോഗസ്ഥരുടെ നിയമന യോഗ്യത റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട് 1992-ലെ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി, കാലോചിതമായി പരിഷ്കരിക്കുന്നതിന് ലഭ്യമായ ശിപാർശ പരിശോധിച്ചാണ് സർക്കാർ തീരുമാനമെടുത്തത്.

(ഡി) 19-10-2009-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 362/2009/ആ.കുവ. നമ്പർ ഉത്തരവിന് ആധാരമായ ഫയലിന്റെ കുറിപ്പ് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി*ഉള്ളടക്കം ചെയ്യുന്നു.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തിക

216 (1582) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയുടെ ഭാഗമായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണമെന്ന് വെളിപ്പെടുത്താമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.